Santhigiri

ഗുരുവാണി

" ഭേദം കൂടാതെയും വെച്ചും സ്നേഹം പകരുന്ന ഒരു പരിചയം നമുക്കുണ്ട്. ഈ സ്നേഹം എങ്ങനെയായിരിക്കണം എന്നും നമ്മൾ പഠിക്കണം".

# ഉമ്മിണിതങ്കം

VOL 03 | ISSUE 33 | 2017 ആഗസ്റ്റ് 20 | 1192 ചിങ്ങം 4

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

# 'നവപൂജിതം' ആഘോഷപരിപാടികൾക്ക് ഇന്ന് തുടക്കം

## ഗ്ലോബൽ സ്പിരിച്വൽ കോൺക്ലേവ് കേന്ദ്രമന്ത്രി സുദർശൻ ഭഗത് ഉദ്ഘാടനം ചെയ്യും

### വിളംബര സമ്മേളനവും തെലുങ്ക് ജീവചരിത്ര പ്രകാശനവും ഇന്ന്



*സുദർശൻ ഭഗത്*



*പ്രൊഫ.മാർക്ക് ജുഗൻസ്മിയർ*



*തിറോ വെനബംഗാല ഉപതിസ്സ*



*ഭഗത് സിംഗ് കോഷ്യാരി*

**സ്പിരിച്വൽ സോൺ:** ഗുരുവിന്റെ 91 ാമത് ജന്മദിന പൂജിത സമർപ്പണ ആഘോഷ പരിപാടികൾക്ക് ഇന്ന് തുടക്കമാകും. വിളംബര സമ്മേളനവും ഗുരുവിന്റെ ജീവചരിത്ര ഗ്രന്ഥത്തിന്റെ തെലുങ്ക് പരിഭാഷയുടെ പ്രകാശനവും ഇന്ന് നടക്കും. 2017 ഓഗസ്റ്റ് 27 ന് നവപൂജിതമായി ഗുരുവിന് സമർപ്പിക്കുന്ന ഈ ശുഭസന്ദർഭം എത്രയും സമുചിതമായി ആഘോഷിക്കുന്നതിന് ശാന്തിഗിരി പരമ്പര ഒരുങ്ങിക്കഴിഞ്ഞു. 2016 മെയ് 21 മുതൽ 2017 സെപ്തംബർ 30 വരെ ഒരുവർഷത്തിലധികം നീണ്ടുനിൽക്കുന്ന നവതി ആഘോഷങ്ങളുടെ സമർപ്പണമായിട്ടാണ് ഈ വർഷത്തെ നവപൂജിതം ആഘോഷം സംഘടിപ്പിച്ചിരിക്കുന്നത്.

ഇന്ന് രാവിലെ പത്തു മണിക്ക് ചന്ദിരൂരിൽ ഗുരുവിന്റെ ജന്മഗൃഹത്തിൽ നടക്കുന്ന വിളംബര സമ്മേളനം ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി പി. തിലോത്തൻ ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യജ്ഞാന തപസ്വി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജനനി വിജയ ജ്ഞാനതപസ്വിനി മഹനീയ സാന്നിധ്യമായിരിക്കും. അഡ്വ. എ.എൻ. ആരിഫ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ദലീമ ജോജോ വിശിഷ്ടാതിഥിയായിരിക്കും. ചടങ്ങിൽ കേരള യൂണിവേഴ്സിറ്റി ബികോം പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ അമൃത എ.എമ്മിനെ അനുമോദിക്കും. അരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. രത്നമ്മ, സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ മനു സി. പുളിക്കൻ, കെ.പി.സി.സി. സെക്രട്ടറി പി.കെ. ഷാജിമോഹൻ, സിപിഐ സംസ്ഥാന കമ്മിറ്റി അംഗം അഡ്വ. എൻ.കെ. ഉത്തമൻ, കെ.പി.എം.എസ്. സംസ്ഥാന സെക്രട്ടറി തുറവൂർ സുരേഷ് എന്നിവർ ആശംസകൾ അർപ്പിക്കും. സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി സ്വാഗതവും സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി കൃതജ്ഞതയും രേഖപ്പെടുത്തും.

ഗുരുവിന്റെ ജീവചരിത്ര ഗ്രന്ഥത്തിന്റെ തെലുങ്ക് പരിഭാഷയുടെ പ്രകാശന ചടങ്ങ് ഇന്ന് വൈകുന്നേരം ആറു മണിക്ക് ഹൈദരാബാദിൽ നടക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഓഡിറ്റോറിയത്തിൽ തെലങ്കാന നിയമസഭാ സ്പീക്കർ മധുസൂദനചാരി ഗ്രന്ഥം പ്രകാശനം ചെയ്യും. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, മഹനീയസാന്നിധ്യമാകുന്ന ചടങ്ങിൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, ഹൈദരാബാദ് നഗരസഭാ മേയർ ബൊൻതു രാംമോഹൻ, ഡോ. കെ. ലക്ഷ്മൺ എംഎൽഎ, തെലങ്കാന ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി വെങ്കിടേശം ഐഎഎസ്, ബുച്ചി മഹേശ്വർ റാവു, ഹരിചന്ദന ഐ എ സ് ഇസ്കോൺ സംസ്ഥാന പ്രസിഡന്റ് സത്യഗൗരചന്ദ്രദാസ്, സാഹിത്യകാരൻ എൽ. ആർ. സ്വാമി തുടങ്ങിയവർ പങ്കെടുക്കും.

നവതിആഘോഷങ്ങളുടെ ഭാഗമായി ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഗ്ലോബൽ സ്പിരിച്വൽ കോൺക്ലേവ് നടക്കും. ഓഗസ്ത് 22 മുതൽ 27 വരെ നടക്കുന്ന കോൺക്ലേവിൽ ദേശീയ അന്തർദേശീയ തലത്തിലെ തത്ത്വചിന്തകന്മാർ, ആത്മീയരംഗത്തെ പ്രമുഖർ, ശാസ്ത്രജ്ഞർ, ഡോക്ടർമാർ തുടങ്ങി വിവിധ മേഖലകളിലെ പ്രഗൽഭർ പങ്കെടുക്കും. ഉദ്ഘാടനം ഓഗസ്റ്റ് 24നു കേന്ദ്ര കൃഷി വകുപ്പ് സഹമന്ത്രിസുദർശൻ ഭഗത് നിർവഹിക്കും. കോൺക്ലേവിനു മുന്നോടിയായി ഓഗസ്ത് 22, 23 തീയതികളിൽ 'സനാതന ധർമ്മവും നവജ്യോതിശ്രീ കരുണാകരഗുരുവിന്റെ ദർശനവശങ്ങളും 'എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടക്കും. കാലിഫോർണിയ യൂണിവേഴ്സിറ്റി ഗ്ലോബൽ സ്റ്റഡീസ് & സോഷ്യോളജി വിഭാഗം ഹെഡ് പ്രൊഫ.മാർക്ക് ജുഗൻസ്മിയർ ഉദ്ഘാടനം നിർവഹിക്കും. ഓഗസ്ത് 24 മുതൽ 26 വരെയുള്ളകോൺക്ലേവിൽ ഭാരതീയ സംസ്കാരത്തിൽ ധർമ്മചിന്തയുടെ പങ്ക്, ധർമ്മമാർഗത്തിൽ വിവിധ മതങ്ങളുടെ ദർശനവും കാഴ്ചപ്പാടും, ധർമ്മത്തെപറ്റിയുള്ള നവജ്യോതിശ്രീ കരുണാകരഗുരുവിന്റെ കാഴ്ചപ്പാട്, വിവിധ ധർമ്മവശങ്ങൾ, ശാസ്ത്രവും ആത്മീയതയും, ധർമ്മവും ലോക സമാധാനവും തുടങ്ങി സുപ്രധാന വിഷയങ്ങളിൽ പൂർണ്ണ സമ്മേളനവും ചർച്ചയും സംഘടിപ്പിക്കും.

GLOBAL SPIRITUAL CONCLAVE

ശാന്തിഗിരി ആശ്രമത്തിൽ നിന്നുള്ള സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, സ്വാമി നവനന്മജ്ഞാന തപസ്വി,സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി എന്നിവർക്കുപുറമെ പ്രമുഖ ബുദ്ധസന്യാസിയുംശ്രീലങ്കൻ മഹാബോധി സൊസൈറ്റിയുടെ പ്രസിഡന്റുമായ തിറോ വെനബംഗാല ഉപതിസ്സ, ഉത്തരാഖണ്ഡ് മുൻമുഖ്യമന്ത്രിയും ലോകസഭ എം.പിയുമായ ഭഗത് സിംഗ് കോഷ്യാരി, മിയാമി യൂണിവേഴ്സിറ്റി പ്രൊഫ. രാമറാവു പപ്പു (ഇംഗ്ലണ്ട്), സൺമൂൺ യൂണിവേഴ്സിറ്റി പ്രൊഫ. ജിയോലിയോങ് ലീ (കൊറിയ), സിഡ്നി യൂണിവേഴ്സിറ്റി പ്രൊഫ. ബ്രിഖ.എച്ച്. എസ്. നസോറിയ (ഓസ്ട്രേലിയ), പ്രൊഫ. സെർജി പക്കമോവ് (റഷ്യ),ഡിക്കോട്ട് യൂണിവേഴ് സിറ്റിപ്രൊഫ. ഡേവിഡ് ലോറൻസ് (യു.എസ്.എ), ഡാർട്ട്മൗത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സയൻസസ് പ്രസിഡന്റ് ഡോ. ബൽ റാം സിംഗ് (യു.എസ്.എ), നളന്ദ യൂണിവേഴ്സിറ്റി ചാൻസലർ പദ്മശ്രീ ഡോ. വിജയ് ഭട്കാർ, ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച് ചെയർമാൻ പ്രൊഫ. എസ്. ആർ. ഭട്ട്, മിഡിൽ ഈസ്റ്റ് കോളേജ് ഡീൻ ഡോ. ജി.ആർ. കിരൺ,ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റി ഫിലോസഫി ഡിപ്പാർട്ട്മെന്റ് പ്രൊഫ. ബിന്ദു പുരി, അലഹബാദ് യൂണിവേഴ്സിറ്റി ആർക്കിയോളജി ഡിപ്പാർട്ട്മെന്റ് പ്രൊഫ.ഡി.പി. ദുബെ, സ്വാമി പരമാർത്ഥാനന്ദ (വേദാന്ത വിദ്യാർത്ഥിസംഘം, ചെന്നൈ), സ്വാമി നന്ദാത്മജാനന്ദ (രാമകൃഷ്ണാശ്രമം, തൃശ്ശൂർ), ബിഷപ്പ് തോമസ് മേനംപറമ്പിൽ (ഗുവാഹത്തി), പ്രൊഫ. ഇസ്മേയിൽ, പ്രൊഫ. കെ.കെ.എൻ.കുറുപ്പ്, പ്രൊഫ. ഉപേന്ദ്രറാവു, പ്രൊഫ.ജയിന്ത് ഉപാധ്യായ, ഡോ.ഷൈലേഷ് മേഹ്ത്ത, പ്രൊഫ. ഉത്തംപതി (സ്കൂൾ ഓഫ് ബയോടെക്നോളജി, ജെ.എൻ.യു), ഡോ. ശിശിർ റോയി (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ ), ഡോ.ഭക്തി നിസ്കാമ ശാന്ത (ശ്രീ ചൈതന്യ സരസ്വതി ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ), ഡോ. ഭക്തി വിജ്ഞാന മുനി (ബാംഗ്ലൂർ), ഡോ. അലക്സ് ഹാംങ്കേ

(ശേഷം നാലാം പേജിൽ)

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

ഗുരുപൂജചെയ്തിട്ടുള്ളവീടുകളിലുംഒന്നുമറിയാതെസ്നേഹപ്പെട്ടു ജീവിക്കുന്നവരുടെ വീടുകളിലും ഇനിയങ്ങോട്ട് ചില ജനനങ്ങൾ ഉണ്ടാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുള്ള കർമങ്ങളൊക്കെ ഇവിടെ നടത്തി പൂർത്തീകരിച്ചിട്ടുണ്ട്. 1995നുശേഷം ഗുരുപൂജ ചെയ്ത വീടുകളിൽ മാറ്റിനിർത്തപ്പെട്ടിരിക്കുന്ന നല്ല പിതൃക്കൾ അഞ്ച്, ഏഴ് വർഷത്തിനകത്ത് ജന്മം എടുക്കാൻ തുടങ്ങും. അങ്ങനെയുള്ള ജന്മങ്ങൾ നമ്മുടെ വീടുകൾക്കുവേണ്ടി എന്നതിലുപരിലോകത്തിനുവേണ്ടിയാണ് വരുന്നത്. അതാണു പറയുന്നത് നിങ്ങൾ ഒന്നും ചെയ്ത് ഇതിനെ ചീത്തയാക്കരുത്. ഒന്നും അറിയാൻ വയ്യാത്തവരാണെങ്കിലും ആ ദൈവനിശ്ചയം നിങ്ങളിൽ നടക്കട്ടെ.

നേർച്ചകാഴ്ചകൾ കൊടുത്ത് ദൈവത്തിനെ വിളിച്ച പരമ്പരയാണ് നിങ്ങളുടേത്. നിങ്ങൾക്ക് ഒന്നിനെപ്പറ്റിയും വിവരമില്ല. നിങ്ങൾ ഏതിനെയും നിസാരമായി കണ്ടുപരിചയിച്ചവരാണ്. ഒരു സന്ന്യാസിക്കോ ഒരു ഋഷിക്കോ കിട്ടുന്നതിനേക്കാൾ തെളിച്ചം നിങ്ങൾ, ഗൃഹസ്ഥാശ്രമികൾക്കു കിട്ടുകയാണ്. എന്തുകൊണ്ടിതു കിട്ടുന്നുവെന്നോ താൻ ഇതെങ്ങനെ ജീവിച്ചെടുക്കണമെന്നോ ഒന്നും നിങ്ങൾക്കറിയില്ല. നിങ്ങളെപ്പോലെതന്നെ നിങ്ങളുടെ വീടുകളിൽ നിന്ന് ഇവിടെ വന്നുനില്ക്കുന്ന കുട്ടികളുണ്ട്. നിങ്ങൾ തന്നെ അവരെ മാന്യമായി പറഞ്ഞുധരിപ്പിച്ചില്ലെങ്കിൽ നിങ്ങളെപ്പോലെ തന്നെ അവരും ചീത്തയാകും.

ദൈവവചനം എന്തെന്നു കേട്ടറിഞ്ഞ് അതിൽ മുങ്ങി പ്രവർത്തിക്കേണ്ടവരാണ് നിങ്ങൾ. ചെറിയ ചെറിയ ബുദ്ധി വച്ചു പ്രവർത്തിച്ച് അവിടവിടെ വീണ് അഴുകിപ്പോകേണ്ടവരല്ല. പല കാലങ്ങളായി അനവധി മഹാത്മാക്കളെ നിങ്ങൾക്കുവേണ്ടി ദൈവം ഭൂമിയിലേക്ക് പറഞ്ഞയച്ചു. ബുദ്ധിമോശം കൊണ്ടോ കർമ്മദോഷം കൊണ്ടോ നിങ്ങൾക്ക് അവരുടെ ആശയത്തെ എടുക്കാൻ കഴിഞ്ഞില്ല. വന്നുപോയ കാലഘട്ടങ്ങൾ വളരെ നീണ്ടതാണ്. ഇനി വരാനിരിക്കുന്ന കാലഘട്ടങ്ങളും വളരെ നീണ്ടതാണ്. ഈ നീണ്ട കാലഘട്ടങ്ങളിലെ കെടുതികളിലെ വിഷമതകളാണ് ഞാൻ അനുഭവിച്ചത്.

നിങ്ങൾ ഒറ്റപ്പെട്ടുപോകരുത്. ഒരച്ഛന്റെ മക്കളെപ്പോലെ നിങ്ങൾ വാഴണം എന്നാണ് എന്റെ ആഗ്രഹം. അങ്ങനെ ആഗ്രഹിക്കുകയല്ലാതെ സത്യത്തിന്റെ മുമ്പിൽ എനിക്കെന്തു ചെയ്യാൻ കഴിയും? ഒരിക്കലും നിങ്ങൾ വേദനിക്കുകയോ അപചയപ്പെടുകയോ ചെയ്യേണ്ടാത്തവിധം എല്ലാം ഞാൻ ചെയ്തുവച്ചിട്ടുണ്ട്. നിങ്ങൾ എല്ലാവരും സത്യത്തിന്റെ പ്രവർത്തകരാണ്. അങ്ങനെ ആയിത്തീരാൻ നിങ്ങൾ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ബ്രഹ്മശക്തി നിങ്ങളിൽ കനിയട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

## വചനദീപ്തി

**"വ്യർത്ഥമായ ബലിദാനങ്ങളുടെ നൂറു വർഷങ്ങളേക്കാൾ മികച്ചത് ഒരു ആത്മജ്ഞാനിയെ പ്രണമിക്കുന്ന ഒരു നിമിഷമാണ്"**

**ശ്രീബുദ്ധൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ആഗസ്റ്റ് 20 മുതൽ 26 വരെ*

| | |
|---|---|
| **ഞായർ** | **– രത്നഗിരി** |
| **തിങ്കൾ** | **– സ്നേഹപുരം** |
| **ചൊവ്വ** | **– കാഞ്ഞാംപാറ** |
| **ബുധൻ** | **– പോത്തൻകോട്** |
| **വ്യാഴം** | **– പാലോട്ടുകോണം** |
| **വെള്ളി** | **– ജ്യോതിപുരം** |
| **ശനി** | **– ശാന്തിപുരം** |

## യാമപ്രാർത്ഥന

*2017 ആഗസ്റ്റ് 24 വ്യാഴം*

**സ്നേഹപുരം, കാഞ്ഞാംപാറ, ജ്യോതിപുരം**

## പൗർണമി

*2017 സെപ്റ്റംബർ 05 ചൊവ്വ*

# പ്രകാശപഥം — കർമ്മമായി, പുണ്യമായി, ത്യാഗമായി

നമ്മുടെ കുടുംബത്തിലെ ദോഷങ്ങൾ മാറാനും, എന്റെ കർമ്മത്തിൽ ഏതെങ്കിലും പുണ്യാംശം വന്നുചേരാനുമാണ് എന്നൊരു ഓർമ്മ വെച്ചുവേണം നമ്മൾ ഓരോ കാര്യങ്ങളും ചെയ്യാൻ. അത് ചെയ്തെടുക്കുന്ന കൂട്ടത്തിൽ തന്നെ നമ്മൾ ഈ സങ്കല്പങ്ങളും വ്രതങ്ങളും മറ്റു കാര്യങ്ങളും എല്ലാം ഓർമ്മയിൽ കൊണ്ടുവന്ന്, ഞാൻ എന്തിനാണ് ഒരു വ്രതമെടുക്കുന്നത്? ഞാൻ എന്തിനാണ് ഗുരുവിനു ഭക്ഷണം കൊടുക്കുന്നത്? ഞാൻ എന്തിനാണ് ഇവിടെ ശുചീകരണങ്ങളായ കർമ്മങ്ങൾ ചെയ്യുന്നത് എന്നൊക്കെ ചോദിക്കുമ്പോൾ ഇതിനൊക്കെ ഓരോ സങ്കല്പാതീതമായ, ആത്മസാക്ഷാത്ക്കാരമായ ഓരോ അർത്ഥങ്ങളൊക്കെയുണ്ട്. അതൊക്കെ അനുഭവത്തിൽക്കൂടി പറഞ്ഞുതരാനേ കഴിയൂ. 'അനുഭവമാണാദിയിൽ ഒന്നിരിക്കിൽ' എന്നുപറയുന്ന കാര്യം അതാണ്. ആ അനുഭവത്തിൽ കൂടി, ഏകാത്മകമായ ആ ചിന്ത ഒരുമിച്ചു ചിന്തിച്ചുകൊണ്ടുവേണം നമ്മൾ ഓരോ കാര്യങ്ങളും ചെയ്തെടുക്കേണ്ടത്.

ഓരോ കാര്യങ്ങളും ചെയ്യുമ്പോൾ നമ്മൾ ഞായറാഴ്ച വ്രതം അങ്ങനെയുള്ള ഓരോ വ്രതങ്ങൾ നോക്കുന്നതിന് ഓരോ കാര്യകാരണങ്ങളുമുണ്ട്. ഇങ്ങനെ നോക്കുന്ന വ്രതങ്ങളിൽ പൗർണ്ണമി വ്രതമാണ് ഏറ്റവും നല്ലത് എന്നു നാം ഗുരു പറഞ്ഞുതന്ന കാര്യം മനസ്സിലാക്കുകയും, ആ വ്രതം നമ്മൾ സൂക്ഷിച്ചുകൊണ്ടു പോവുകയും ചെയ്യണം. നമ്മുടെ വീട്ടിലും, നമ്മുടെ ഓരോരുത്തരുടെയും ജീവനിലും അണഞ്ഞിരിക്കുന്ന ദോഷം മാറ്റി എടുക്കാൻ വേണ്ടി, എതെല്ലാം കാര്യങ്ങൾ നമ്മൾ ചെയ്ത് ഒതുക്കണം, ഞാൻ എന്തൊക്കെയായിരിക്കണം ചെയ്യേണ്ടത് എന്ന് നമ്മൾ മനസ്സുകൊണ്ടുവിചാരിച്ച് മനസ്സിൽ ഗുരുവിന്റെ സങ്കല്പാതീതമായ രൂപം ഓർമ്മിച്ച് ധ്യാനിക്കുന്നതായി ചിന്തിച്ചിട്ടുവേണം ഓരോ കാര്യങ്ങളും ചെയ്യുവാൻ. ആ കാര്യങ്ങൾ ചെയ്യുമ്പോൾതന്നെ നമ്മുടെ മനസ്സിന് അത്യധികമായ ലഘുത്വവും ഭക്തികൊണ്ട് ആ കർമ്മത്തിന് ഒരു വിധേയത്വവും ലഘുത്വവും വന്നിട്ട് നമ്മൾ തന്നെ ഗുരുവിൽ ലയിച്ചുചേരുന്ന ഒരു സ്വഭാവം വരും. അതാണ് ആ കർമ്മത്തിന്റെ വലുപ്പമെന്നു അപ്പോൾ നമുക്ക് മനസ്സിലാകും.

ചിലപ്പോൾ ഗുരുവിനു ആഹാരം വിളമ്പികൊടുക്കുമ്പോൾതന്നെ ചില കുട്ടികൾക്കും, ചില പുരുഷൻമാർക്കും അമ്മമാർക്കും ഗുരു ആ ഭക്ഷണം കഴിച്ചു എന്ന ആത്മസാക്ഷാത്ക്കാരമായ അനുഭൂതി ഉണ്ടാവും. ഇങ്ങനെ ഓരോ കർമ്മത്തിലും പല വിധത്തിലും പല പ്രകാരത്തിലും അനുഭവം ഉണ്ടാകും. ഈ അനുഭവമാണ് ശാന്തിഗിരിയുടെ ലക്ഷ്യവും ആ ലക്ഷ്യത്തിന്റെ സ്ഥാനവും എല്ലാം. അങ്ങനെ നോക്കുമ്പോൾ ഇവിടെ കർമ്മം ചെയ്യുന്നതു വേറൊരുവിധമായി നിങ്ങൾ കാണരുത്. കാരണം ഗുരുവിന്റെ മക്കളായ നമ്മൾ ഒത്തൊരുമയോടുകൂടി ചെയ്യുന്ന കർമ്മം ലോകാന്ത്യം വരെയും എല്ലാവർക്കും പുണ്യാർജ്ജിതമായും സ്വത്തായും ഉൾക്കൊണ്ടുകൊണ്ട്, ജീവിതത്തിൽ അത് പ്രവർത്തിച്ചൊതുക്കുന്ന ഒരു കർമ്മമായി, പുണ്യമായി, ആ പുണ്യം ത്യാഗമായി നിൽക്കണമെന്ന് നമ്മൾ നല്ലതുപോലെ സങ്കല്പിച്ചുവേണം ചെയ്യേണ്ടത്. വ്രതത്തിന്റെ കാര്യമായാലും അങ്ങനെ തന്നെ.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# "ശാശ്വതമായ സ്നേഹം ദൈവത്തിന്റെ സ്നേഹമാണ്"



*സതീശൻ സാറും സുകുമാരിയമ്മയും –ഒരു പഴയ ചിത്രം*

കാലം 1976. അന്നു വിജയദശമിയായിരുന്നു. ഒരു മുഴുമിക്കാത്ത ഇതിഹാസത്തിന്റെ തേരൊലികൾ മുഴക്കികൊണ്ടു എന്റെ മനസ്സിലും ജീവനിലും വാഴ്വിലും സ്മൃതിയിലും അവിസ്മരണീയങ്ങളായ സ്മാരകശിലകൾ പാകിയത് അന്നായിരുന്നു. അന്നാണു ഞാൻ കുടുംബസമേതം ശാന്തിഗിരി ആശ്രമത്തിൽ വന്നത്.

ആശ്രമത്തിന്റെ ഊട്ടുപുരയിൽ വച്ചാണ് ഗുരുവിനെ ആദ്യം കണ്ടത്.'ഗുരു' അന്തേവാസികളോടും മറ്റു ചില സന്ദർശകരോടും കൂടി സംസാരിച്ചു നില്ക്കുകയായിരുന്നു. സംഭാഷണത്തിനിടയിൽ ശ്രീ. എം. പ്രഭയെ പരാമർശിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അന്നദ്ദേഹം യുക്തിവാദിസംഘത്തിന്റെ കേരള ഘടകം സെക്രട്ടറിയായിരുന്നു എന്നാണ് ഓർമ്മ. ശ്രീ. എം. പ്രഭ തലേന്ന് ആശ്രമം സന്ദർശിച്ചിരുന്നു. "ചില ആളുകളുണ്ട്, അവർക്കിതിനോടു പുച്ഛമില്ല. പക്ഷേ പെട്ടെന്നങ്ങു സമ്മതിക്കുകയുമില്ല. അതവരുടെ മിഥ്യാഭിമാനമാണ്. അതവരുടെ കുറ്റമല്ല." 'ഗുരു' പറഞ്ഞ ആ 'ചില ആളുകൾ', പക്ഷേ ഞാനായിരുന്നു. ഗുരുവിൽ അസാധാരണത്വമൊന്നും അന്നു ഞാൻ കണ്ടില്ലെങ്കിലും ആ മിനുസമുള്ള സാധാരണ വാക്കുകൾക്കുള്ളിൽ ഒളിഞ്ഞിരുന്ന ചാലകശക്തി എന്റെ ചിന്താമണ്ഡലത്തിലെ കാതര സങ്കല്പങ്ങളിൽ പാഞ്ഞുചെന്നു.

അന്നുച്ചയ്ക്കുശേഷം ഗുരുവിനെ മുഖാമുഖം കണ്ടു. 'ഗുരു' എന്നോടു ചോദിച്ചു, "എന്തിനു വേണ്ടി വന്നു. ഒറ്റവാക്കിൽ പറ...." ആ ചോദ്യം ഞാൻ പ്രതീക്ഷിച്ചതല്ല. എന്തിനു വന്നുവെന്ന് എനിക്ക് തന്നെ അറിയില്ല. പറയത്തക്ക പ്രശ്നങ്ങളൊന്നും എന്റെ സാമൂഹിക ജീവിതത്തിൽ എനിക്കഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. ബാഹ്യസാഹചര്യങ്ങളിൽ ഒരു തരം ഏകാന്തത. ബന്ധുക്കളോടും മിത്രങ്ങളോടും ഇടപഴകുമ്പോൾ അവരറിയാതെ ഒരു അകലം. പട്ടണത്തിൽ വസിക്കുമ്പോഴും ഗ്രാമ്യതയുടെ ഈണം അലിഞ്ഞുചേർന്ന ഒരു വാസ്തവികത. എല്ലാറ്റിനെക്കുറിച്ചും ഒരു തരം അന്യസങ്കല്പം.ഒരു ഗൃഹസ്ഥാശ്രമിക്കു യോജിച്ചതല്ല ഈ പ്രത്യേകതകൾ. അതുകൊണ്ടുതന്നെ കുടുംബജീവിതത്തിൽ അല്പസ്വല്പം അസ്വാരസ്യങ്ങൾ ഉണ്ടായിരുന്നു. അതിപ്പോൾ പറയേണ്ടതുണ്ടോ? അഥവാ പറഞ്ഞാൽ തന്നെ എന്തു നേട്ടം? പക്ഷേ തൃപ്തി വന്നിട്ടില്ലാത്തതും എത്ര കിട്ടിയാലും മതിവരാത്തതും എന്റെ കാതരസങ്കല്പത്തിനൊത്തു ലഭിച്ചില്ലെങ്കിൽ നീറിപ്പിടിക്കുന്ന പിണക്കം വരുന്നതുമായ ഒന്നുണ്ടായിരുന്നു; സ്നേഹം. അറിവിന്റെ പൊരുൾ തേടുന്ന ഒരു ജിജ്ഞാസ–അതു രണ്ടാമത്തെ കാര്യം. മുൻതൂക്കം സ്നേഹത്തിനു തന്നെ.നമ്മളറിയാതെ, നമ്മുടെ മന:പൂർവമുള്ള നിയന്ത്രണങ്ങളെ ഭേദിച്ചുകൊണ്ട് അനിശ്ചിതമായി എടുത്തുചാടുന്ന ചില നിശ്ചിതസമസ്യകളുണ്ടല്ലോ. "സ്നേഹം....." മുഴുവിപ്പിക്കുന്നതിനുമുൻപുതന്നെ 'ഗുരു' പ്രതിവചിച്ചു, **"മതി... ബന്ധങ്ങളിൽനിന്നും ഇയാൾ തേടുന്ന സ്നേഹം വരില്ല. അതാരുടെയും കുറ്റമല്ല. ശാശ്വതമായ സ്നേഹം ദൈവത്തിന്റെ സ്നേഹമാണ്. ആ സ്നേഹം അനുഭവിക്കാൻകഴിഞ്ഞാൽഭാഗ്യം".**

*('കനൽവഴിയിലെ കാരുണ്യ'ത്തിൽ പ്രസിദ്ധീകരിച്ച സതീശൻ സാറിന്റെ അനുഭവക്കുറിപ്പിൽ നിന്ന്)*

# കെ. സതീശൻ സാറിന് സ്മരണാഞ്ജലി

**സ്പിരിച്ചൽ സോൺ:** ശാന്തിഗിരിയുടെ ആശയപ്രചരണരംഗത്ത് പ്രാരംഭകാലം മുതൽ നേതൃനിരയിൽ പ്രവർത്തിച്ച കെ. സതീശൻ സാറിന് പരമ്പരയുടെ സ്മരണാഞ്ജലി. ഓഗസ്റ്റ് 15 ന് രാത്രി പതിനൊന്ന് മണിയോടെയാണ് അദ്ദേഹം ദിവംഗതനായത്. ദീർഘകാലമായി അസുഖബാധിതനായിരുന്നു. ഗുരുധർമ്മപ്രകാശസഭയുടെയും സാംസ്കാരിക പ്രവർത്തകരുടെയും ആത്മബന്ധുക്കളുടെയും നേതൃത്വത്തിൽ അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിച്ചു.

നെയ്യാറ്റിൻകര ആറാലുംമൂട് ശാന്തിസദനത്തിൽ കെ. സതീശൻ സാർ (70) കൊക്കിടി വീട്ടിൽ കുടുംബാംഗമാണ്. 1947 സെപ്റ്റംബർ 28 നാണ് ജനിച്ചത്. 1976 ഒക്ടോബറിലെ വിജയദശമി ദിവസം ശാന്തിഗിരി ആശ്രമത്തിൽ എത്തി. ആശ്രമവുമായുള്ള അദ്ദേഹത്തിന്റെ ദീർഘകാലബന്ധത്തിന് തുടക്കം കുറിച്ചത് അന്നാണ്. ഗുരുവിന്റെ ആശയം ലോകത്തിൽ എത്തിക്കുന്നതിന് മുന്നണിപ്പോരാളിയായി പ്രവർത്തിക്കാൻ സതീശൻ സാറിന് കഴിഞ്ഞു.

അമൂല്യമായ ഗുരുവാണിപ്രപഞ്ചം ഗുരുമുഖത്തു നിന്നുതന്നെ കേട്ടെഴുതി ക്രോഡീകരിക്കുകയും ഗുരുവിനെ വായിച്ചു കേൾപ്പിച്ചശേഷം മാനവരാശിയ്ക്കായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തത് സതീശൻ സാറാണ്. ശാന്തിഗിരിയുടെ ആശയം ലോകത്ത് എത്തിക്കണമെന്ന് ഗുരു അനുവാദം നല്കിയപ്പോൾ അതിനായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ആശയപ്രചരണരംഗത്ത് വളരെ ത്യാഗനിർഭരമായ ധാരാളം പ്രവർത്തനങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. നെയ്യാറ്റിൻകരയിലെ അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ചാണ് പ്രാരംഭ കൂടിയാലോചനകളും മറ്റും നടന്നത്. നിരവധി തവണ ഈ ഭവനത്തിൽ ഗുരു സന്ദർശനം നടത്തിയിട്ടുമുണ്ട്. 1983 ൽ നവംബർ അഞ്ചിന് ശാന്തിഗിരിയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഔദ്യോഗികമായി തുടക്കം കുറിച്ചപ്പോൾ അതിന്റെ മുൻനിരയിൽ നിന്നതും സതീശൻ സാർ ആയിരുന്നു. ദീർഘകാലം ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രത്തിന്റെ ജനറൽ സെക്രട്ടറിയായി അദ്ദേഹം പ്രവർത്തിച്ചു. സംസ്ഥാനത്തും രാജ്യത്തെ വിവിധ ഭാഗങ്ങളിലും സന്ദർശനം നടത്തി സംഘടനയുടെ യൂണിറ്റുകൾക്ക് തുടക്കം കുറിച്ചതും സതീശൻ സാറാണ്.



കെ. സതീശൻ

ഗുരുവിന്റെ നിരവധി തീർത്ഥയാത്രകളിൽ അദ്ദേഹം അനുഗമിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വിരമിച്ചതിനെ തുടർന്ന് 1996 മുതൽ മുഴുവൻ സമയ ആശ്രമം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. 2008 ൽ ആശ്രമത്തിൽ സെൻട്രലൈസേഷൻ നിലവിൽ വന്നതിനുശേഷം ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ സീനിയർ അഡ്വൈസറായി ചുമതല വഹിച്ചുവരികയായിരുന്നുഅദ്ദേഹം.

ആശ്രമത്തിന്റെ പ്രസിദ്ധീകരണ വിഭാഗത്തിലും ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. ശാന്തിഗിരി ആദ്ധ്യാത്മിക മാസിക, നവപൂജിതം സുവനീർഎന്നിവയുടെയും വിവിധപുസ്തകങ്ങളുടെയും പ്രസിദ്ധീകരണത്തിന് നേതൃത്വം നല്കി.ഗുരുശിഷ്യദീപ്തി, ഗുരുശിഷ്യസംവാദം, ത്യാഗം ചെയ്ത് പുണ്യം നേടാൻ ഗൃഹസ്ഥാശ്രമികളോട് ഒരഭ്യർത്ഥന, അനുഭൂതിയിലൂടെ ഒരു യാത്ര എന്നീ ഗ്രന്ഥങ്ങളും നിരവധി ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

സംസ്കാരം ഓഗസ്റ്റ് 16 ബുധനാഴ്ച വൈകുന്നേരം 5 ന് ആശ്രമത്തിനു സമീപമുള്ള സ്ഥലത്ത് നടന്നു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, എം.പി.മാരായ ഡോ.ശശിതരൂർ, ഡോ.എ.സമ്പത്ത്, സി.ദിവാകരൻ എം.എൽ. എ., മുൻ എം.എൽ.എ. പാലോട് രവി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജി.കലാകുമാരി, ബി.ജെ.പി. ജില്ലാ സെക്രട്ടറി എം. ബാലമുരളി തുടങ്ങിയവർ ആദരാഞ്ജലികൾ അർപ്പിച്ചു.

ഭാര്യ: സുകുമാരി പി. (റിട്ട. കെഎസ്ആർടിസി ഉദ്യോഗസ്ഥ, ഡെപ്യൂട്ടി ജനറൽ മാനേജർ, ഓഫീസ് ഓഫ് ദി ഓർഗനൈസിംഗ് സെക്രട്ടറി), മക്കൾ: ദീപ എസ്.എസ്. (അദ്ധ്യാപിക, ശാന്തിഗിരി വിദ്യാഭവൻ), ദീപു എസ്.എസ് (പുഷ്പാഞ്ജലി കൗണ്ടർ) മരുമക്കൾ. എ.ജയപ്രകാശ് (അഡ്വൈസർ ശ്രീലങ്കൻ കോൺസുലേറ്റ്), നിഷമോൾ കെ. (അദ്ധ്യാപിക, ശാന്തിഗിരി വിദ്യാഭവൻ)

അനന്തര ചടങ്ങുകളും പ്രാർത്ഥനയും സെപ്റ്റംബർ 24 ഞായറാഴ്ച ആശ്രമത്തിൽ വച്ച് നടക്കും.

# സന്ന്യാസിതുല്യനായ ഒരു ഗൃഹസ്ഥാശ്രമി

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

ശാന്തിഗിരിയുടെ ചരിത്രത്തിൽ ഒരിക്കലും മറക്കാനാവാത്ത പേരുകളിൽ ഒന്നാണ് സതീശൻ സാറിന്റേത്. ഗുരുവിനും ഗുരുവിന്റെ ആശയത്തിനും വേണ്ടി സ്വജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹം വിശ്വാസരംഗത്തും കർമ്മരംഗത്തും അനന്യമായ ഒരു മാതൃക സൃഷ്ടിച്ചുകൊണ്ടാണ് കടന്നുപോയത്. ഗുരുവാണിയാകുന്ന അനന്തമായ സാഗരത്തിൽ മുങ്ങിത്തപ്പി മുത്തുകളും പവിഴങ്ങളും വാരിയെടുത്ത് നമുക്കും ലോകത്തിനുമായി പകർന്നുനല്കിയ സതീശൻ സാർ ശാന്തിഗിരിയുടെ ആശയരംഗത്തെ ഒരു വിളക്കുമരമാണ്, എക്കാലത്തും.

ഗുരുവിന്റെ സാന്നിധ്യം അനുഭവപ്പെടുത്തുന്ന അനന്യമായ പ്രഭാഷണശൈലി കൊണ്ട് അദ്ദേഹം നമ്മെയെല്ലാം പലപ്പോഴും വിസ്മയിപ്പിച്ചിട്ടുണ്ട്. ഗുരുവിനെ ഓരോരുത്തർക്കും അനുഭവപ്പെടുത്തി കൊടുക്കുന്ന പ്രസംഗശൈലിയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പ്രസംഗം മാത്രമല്ല ആശയത്തിനുവേണ്ടി സർവതും മറന്നുകൊണ്ടുള്ള പ്രവർത്തനവും പ്രയത്നവും സതീശൻ സാറിനെ വ്യത്യസ്തനാക്കുന്നു.

വ്യക്തിപരമായി എനിക്ക് അദ്ദേഹത്തോടുണ്ടായിരുന്ന അടുപ്പം ഒരിക്കലും മറക്കാനാവാത്തതാണ്. കൊല്ലത്ത് വച്ചു നടന്ന ഗുരുവിന്റെ എഴുപത്തഞ്ചാം ജന്മദിന പൂജിത സമർപ്പണ ആഘോഷ പരിപാടികളും അതോടനുബന്ധിച്ചുണ്ടായ വിവാദങ്ങളും ഞാൻ ഓർത്തുപോവുകയാണ്. ശ്രീനാരായണഗുരുവിന്റെ ത്യാഗജീവിതത്തെക്കുറിച്ചുള്ള അറിയപ്പെടാത്ത ചരിത്രം ലോകത്തിനു വെളിപ്പെടുത്താൻ നിയോഗം കൈവന്ന ആ പ്രസംഗം എനിക്ക് തയ്യാറാക്കി തന്നത് സതീശൻ സാറായിരുന്നു. 'സ്വാമിക്ക് സ്നേഹപൂർവം സതീശൻ' എന്നെഴുതിയ കവറിൽ സാർ തന്നയച്ച പ്രസംഗം ആരോ എന്റെ കൈയിൽ കൊണ്ടുവന്നുതന്നത് ഇന്നും എന്റെ ഓർമയിൽ ഒളിമങ്ങാതെ നില്ക്കുന്നു.ഗുരുവിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പങ്കുവയ്ക്കലുകളിൽ മതിമറന്നിരിക്കാത്ത ഒരു വിശ്വാസിയും ഉണ്ടാകില്ല. അത്രയും ദീപ്തമായ ബന്ധം അദ്ദേഹത്തിന് ഗുരുവുമായി ഉണ്ടായിരുന്നു. ഗുരു ഭൗതികശരീരത്തിൽ ഉണ്ടായിരുന്ന അവസരത്തിൽ ഒട്ടനവധി തവണ നെയ്യാറ്റിൻകരയിലെ സതീശൻ സാറിന്റെ ഭവനം സന്ദർശിച്ചിട്ടുണ്ട്. അപ്പോഴൊക്കെ ആത്മീയരംഗത്തെ അമൂല്യങ്ങളായ നിരവധി അറിവുകൾ ഗുരു അദ്ദേഹത്തിന് പകർന്നുനല്കുകയുണ്ടായിട്ടുണ്ട്. സാംസ്കാരിക പ്രവർത്തനരംഗത്ത് ഒട്ടേറെ പുതിയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച കൂടിയാലോചനകൾ നടന്നതും സതീശൻ സാറിന്റെ ഭവനത്തിൽ വച്ചായിരുന്നു. അക്കാലത്തും പിൽക്കാലത്തും ധാരാളം ചെറുപ്പക്കാരെ ആശയരംഗത്ത് വളർത്തിക്കൊണ്ടുവരുന്നതിലും സതീശൻ സാർ ശ്രദ്ധ പുലർത്തിയിരുന്നു.

ഒരു പ്രദേശത്ത് പുതുതായി ആരംഭിക്കുന്ന ആശയപ്രചാരണ പ്രവർത്തനങ്ങൾക്കായി ഓരോ സ്ഥലത്തും ഒറ്റയ്ക്ക് സന്ദർശിച്ച് പ്രാർത്ഥിച്ച് കർമ്മരംഗത്തിന്റെ സംസ്ഥാപനത്തിന് അദ്ദേഹം ചെയ്തിട്ടുള്ള ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ വിസ്മയാവഹമാണ്. ഗുരുവാക്ക് മുറുകെപ്പിടിച്ചു കൊണ്ട് കാടും മലയും കടപ്പുറവും വിജനതീരങ്ങളും ക്ഷേത്രങ്ങളും പള്ളികളും മറ്റ് ജനവാസ കേന്ദ്രങ്ങളും എല്ലാം ഒരവധൂതനെപ്പോലെ പിന്നിട്ട് ഗുരുവിന്റെ ആശയത്തെ ജനങ്ങളിലേക്കെത്തിക്കാൻ സതീശൻ സാറിന് കഴിഞ്ഞു. ആ പ്രവർത്തനങ്ങളാണ് ശാന്തിഗിരിയുടെ സാംസ്കാരികരംഗത്തിന്റെ അടിത്തറയായി നിലകൊള്ളുന്നത്.

എന്നും എപ്പോഴും ഗുരുവിനോടും ആശ്രമത്തോടും ആശയത്തോടും ചേർന്നു നിന്ന വ്യക്തിത്വമാണ് സതീശൻ സാറിന്റേത്. എന്നും ആശ്രമത്തിന്റെ ഒരു മൂലയിൽ കഴിയാൻ അദ്ദേഹം ആഗ്രഹിച്ചു. എന്തെല്ലാം ദു:ഖങ്ങൾ വന്നാലും ഉടമസ്ഥനെ വിട്ടുപോകാത്ത പട്ടിയെപ്പോലെ ആശ്രമത്തിൽ കഴിയണമെന്ന ഗുരുവാക്ക് അക്ഷരംപ്രതി അനുസരിച്ച് അന്ത്യം വരെ ജീവിച്ച വ്യക്തിയാണ് സതീശൻ സാർ. വിശ്വാസവും പ്രവർത്തിയും അദ്ദേഹത്തിന് വേറിട്ടതായിരുന്നില്ല. അതാണ് സതീശൻ സാറിന്റെ അതുല്യതയും. വ്യക്തിജീവിതത്തിൽ മാത്രമല്ല, ആത്മീയജീവിതത്തിലും അദ്ദേഹത്തിന്റെ ജീവിതപങ്കാളിയായിരുന്ന സുകുമാരിയമ്മയുടെയും ആ കുടുംബത്തെയും ദു:ഖത്തിൽ പങ്കുചേരുന്നതോടൊപ്പം ഗുരുപാദത്തിലണഞ്ഞ സതീശൻ സാറിന്റെ ജീവന് ഗുരുകാരുണ്യത്താൽ എന്തുനന്മയാണോ കൈവരേണ്ടത് അത് കൈവരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. സന്ന്യാസിതുല്യനായ ഗൃഹസ്ഥാശ്രമിയായിരുന്ന സതീശൻ സാർ വിശ്വാസരംഗത്ത് എന്നും നമുക്ക് മാതൃകയായിരിക്കട്ടെ.



*സതീശൻ സാറിന് സന്ന്യാസിസന്ന്യാസിനിമാരുടെയും ആത്മബന്ധുക്കളുടെയും അന്ത്യാഞ്ജലി*

## ദിവംഗതനായി

**സ്നേഹപുരം:** സ്നേഹപുരം യൂണിറ്റ് 'ഗുരുനിധി'യിൽ അഡ്വ.മനോജ് കുമാർ എം (43) ഓഗസ്റ്റ് 15 ന് രാവിലെ 11 മണിക്ക് അന്തരിച്ചു. സംസ്കാരം നടന്നു.ഹൈക്കോടതി അഭിഭാഷകനാണ്. എറണാകുളം ശാന്തിമഹിമയുടെ സജീവപ്രവർത്തകനും 'കാരുണ്യം' പദ്ധതിയുടെ കോർഡിനേറ്ററുമായിരുന്നു. കലാസാംസ്കാരിക രംഗങ്ങളിലും സജീവസാന്നിദ്ധ്യമായിരുന്നു. എറണാകുളം എടവനക്കാട് സ്വദേശി മുൻ ടെലികോം ഉദ്യോഗസ്ഥൻ എം.എ. രാജപ്പന്റേയും തൃശ്ശൂർ കാർഷികസർവകലാശാല മുൻ ഉദ്യോഗസ്ഥ എ.എ കൗസല്യയുടേയും മകനാണ്. മഹേഷ് കുമാർ എം ഇളയസഹോദരനാണ്.



*അഡ്വ.മനോജ് കുമാർ എം*

# സ്മരണകളിൽ നിറഞ്ഞ് സതീശൻസാർ

**സ്പിരിച്വൽ സോൺ:** സതീശൻ സാറിന് സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട് ഓഗസ്റ്റ് 17 ന് വൈകുന്നേരം ഏഴു മണിക്ക് ഗുരുവിന്റെ ഉദ്യാനത്തിൽ സംഘടിപ്പിച്ച സ്മരണാഞ്ജലി ശ്രദ്ധേയമായി. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ഡോ. റ്റി. എസ്. സോമനാഥൻ, ഡോ. കെ. ഗോപിനാഥൻ പിള്ള, ഡോ. ജി.ആർ. കിരൺ, ദിഗ് വിജയം സതീശൻ തുടങ്ങിയവർ സംസാരിച്ചു.

ആത്മീയരംഗത്ത് അനുഭവവും അറിവും ഉള്ള വ്യക്തിയായിരുന്നു സതീശൻ സാറെന്ന് സ്വാമി ചൈതന്യ ജ്ഞാനതപസ്വി അനുസ്മരിച്ചു. 2003 മുതൽ പർണശാല സമർപ്പണത്തിനുള്ള ദാനം സ്വീകരിക്കുന്നതിനായി പല സ്ഥലങ്ങളിലും അദ്ദേഹത്തോടൊപ്പം യാത്ര ചെയ്യാൻ സാധിച്ചിട്ടുണ്ട്. ദൈവത്തിന്റെ സ്പർശമുള്ള വാക്കുകളാണ് ആശയപ്രചരണരംഗത്ത് അദ്ദേഹം സംസാരിച്ചിട്ടുള്ളതെന്നും സ്വാമി പറഞ്ഞു.

ശാന്തിഗിരിയുടെ പേര് വെളിപ്പെടുത്താൻ സാധിക്കാതിരുന്ന കാലഘട്ടത്തിൽപ്പോലും ഗുരുനിർദ്ദേശപ്രകാരം ആശയപ്രചരണത്തിന് ചുക്കാൻ പിടിച്ചിരുന്ന ആളായിരുന്നു സതീശൻ സാറെന്ന് ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുസ്മരിച്ചു. നിതാന്തമായ ഗുരുശിഷ്യബന്ധത്തെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നതിന് അദ്ദേഹം സദാജാഗ്രത പുലർത്തിയിരുന്നതായും സ്വാമി അനുസ്മരിച്ചു. സതീശൻ സാറിന്റെ ചില അനുഭവങ്ങളെക്കുറിച്ചു സൂചിപ്പിക്കുകയും അദ്ദേഹം രചിച്ച ഗുരുശിഷ്യദീപ്തി എന്ന ഗ്രന്ഥത്തിലെ ഏതാനും ഭാഗങ്ങൾ യോഗത്തിൽ വായിക്കുകയുമുണ്ടായി.

ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ തന്റെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ വ്യക്തിയായിരുന്നു സതീശൻ സാറെന്ന് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി അനുസ്മരിച്ചു. രോഗശയ്യയിൽ കിടന്നപ്പോഴും ഗുരുവിനെ മുറുകെ പിടിച്ച സതീശൻ സാറിനോട് ആത്മബന്ധുക്കൾക്ക് ഉണ്ടായിരുന്ന ബന്ധം ആശയത്തോടുള്ള ബന്ധമായിരുന്നുവെന്ന് സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി പറഞ്ഞു. സതീശൻ സാറിനോടൊത്തുള്ള ഓർമകൾ യോഗത്തിൽ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി പങ്കുവച്ചു. പ്രസ്ഥാനത്തിന് എന്നും ഒരു മുതൽക്കൂട്ടായിരുന്നു സതീശൻ സാറെന്ന് ഡോ. റ്റി. എസ്. സോമനാഥൻ അനുസ്മരിച്ചു. സതീശൻ സാറുമൊത്ത് ആദ്യകാലത്ത് ആശയപ്രചരണരംഗത്ത് പ്രവർത്തിച്ചതിനെക്കുറിച്ച് ഡോ. കെ. ഗോപിനാഥൻ പിള്ള സംസാരിച്ചു. ആശയം പ്രചരിപ്പിക്കുക മാത്രമല്ല, ആശയത്തിനനുസരിച്ച് ജീവിക്കുകയും ചെയ്ത സതീശൻ സാർ ഒരു ഗൃഹസ്ഥാശ്രമി എന്ന നിലയിൽ തികച്ചും മാതൃകാപരമായ ജീവിച്ച വ്യക്തിയായിരുന്നുവെന്ന് ഡോ. ജി.ആർ. കിരൺ അനുസ്മരിച്ചു. കലാരംഗത്തിന്റെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന വ്യക്തിയായിരുന്നു സതീശൻ സാറെന്ന് ദിഗ് വിജയം സതീശൻ അനുസ്മരിച്ചു.

## 'നവപൂജിതം' ആഘോഷപരിപാടികൾക്ക് ഇന്ന് തുടക്കം

*(ഒന്നാം പേജ് തുടർച്ച)*

ഡോ.സുരേന്ദ്ര പൊകർന (ഗുജറാത്ത്),പ്രൊഫ. ഋഷികേശ് പാണ്ഡേ (അലഹബാദ്), ഡോ.രശ്മി (സ്വാമിവിവേകാനന്ദ യോഗ അനുസന്ധാന കേന്ദ്രം, ബാംഗ്ലൂർ), പ്രൊഫ.മനോരഞ്ജൻ മൊഹന്തി, പ്രൊഫ.എസ്. പനീർ സെൽവം, പ്രൊഫ.സെബാസ്റ്റ്യൻ വേളാച്ചേരി, പ്രൊഫ. ശ്രീകല.എം.നായർ, മുരളി ശ്രീധർ,ഡോ.കെ. രാജശേഖരൻ നായർ, ഡോ.കെ.ആർ.എസ്.നായർ, ഡോ. റ്റി.എസ്. സോമനാഥൻ, ജി. ജനാർദ്ദന മേനോൻ, ഡോ. സി.വി.ബാബു, ഡോ. സ്വപ്ന ശ്രീനിവാസൻ എന്നിവർ കോൺക്ലേവിൽ വിവിധസെഷനുകളിൽ സംബന്ധിക്കും.

ശാന്തിഗിരി ആശ്രമം പാലാരിവട്ടം ബ്രാഞ്ചിന്റെ പതിനേഴാമത് പ്രതിഷ്ഠാവാർഷികവും എറണാകുളം നവപൂജിതം സമ്മേളനവും ഓഗസ്റ്റ് 22 ചൊവ്വാഴ്ച നടക്കും. രാവിലെ പത്തു മണിക്ക് കെ.വി. തോമസ് എം.പി. ഉദ്ഘാടനം ചെയ്യും. ജനനി അഭേദാ ജ്ഞാനതപസ്വിനി, സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി, ഏഷ്യാനെറ്റ് കമ്യൂണിക്കേഷൻസ് സീനിയർ വൈസ് പ്രസിഡന്റ് രഘുരാമചന്ദ്രമേനോൻ തുടങ്ങിയവർ സംബന്ധിക്കും.

നവപൂജിതത്തിനു മുന്നോടിയായുള്ള വ്രതസങ്കല്പങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. രാവിലെ നടക്കുന്ന പ്രാർത്ഥനയിലും സങ്കല്പങ്ങളിലും പങ്കെടുക്കുന്നതിന് ആത്മബന്ധുക്കൾ കേന്ദ്രാശ്രമത്തിലും ആശ്രമം ബ്രാഞ്ചുകളിലും എത്തുന്നു. 'എന്റെ എല്ലാകാര്യങ്ങളും എല്ലാവരേയും അറിയിച്ച്, എല്ലാവരും ചേർന്ന് ചെയ്യണം' എന്ന ഗുരുവിന്റെ ആഗ്രഹം അനുസരിച്ച് നവപൂജിതം ആഘോഷങ്ങളിൽ പ്രാർത്ഥനാപൂർവ്വം പങ്കെടുത്ത് ധന്യത പ്രാപിക്കാനുള്ള ഒരുക്കത്തിലാണ് ആത്മബന്ധുക്കൾ.

അളവറ്റ ത്യാഗത്തിന്റേയും, സഹനത്തിന്റേയും സമ്പൂർണ്ണതയാണ് ഗുരുവിന്റെ 72 സംവത്സരകാലത്തെ ജീവിതം. സാധാരണക്കാരിൽ സാധാരണക്കാരുടെ ഭാഷയിൽ ഗുരു ലോകത്തോട് സംസാരിച്ചു.

തന്നെ തേടിയെത്തുന്നവരുടെ ഹൃദയം ഗുരു സ്നേഹം കൊണ്ട് നിറച്ചു. ദുഃഖവും, വേദനയും പ്രയാസവും അവർ ഗുരുവിങ്കൽ സമർപ്പിച്ചു. അതെല്ലാം ഗുരു ഏറ്റുവാങ്ങി തന്റെ അറിവും സ്നേഹവും ലാളിത്യവും ഹൃദയവും അവരുമായി പങ്കുവെച്ചു. അവരിലൂടെ വിശ്വനവോത്ഥാനത്തിന്റെ നവസന്ദേശം ഗുരു ലോകത്ത് പ്രചരിപ്പിച്ചു. ഗുരു കാണിച്ചു തന്ന പാത ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കതീതവും വ്യക്തിയ്ക്കും, കുടുംബത്തിനും, സമൂഹത്തിനും അതിലൂടെ ലോകത്തിനുതന്നെയും സമാധാനവും ഐശ്വര്യവും നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്.നവതി ആഘോഷങ്ങൾക്ക് 2016 ഓഗസ്റ്റ് 30 ന് അന്നത്തെ ഉപരാഷ്ട്രപതി ഡോ.ഹമീദ് അൻസാരി തിരിതെളിയിച്ചത്.

## പ്രാർത്ഥന ബുധനാഴ്ച

**സ്പിരിച്വൽ സോൺ:** ഗുരുജ്യോതിയിൽ ലയിച്ച സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനിയുടെ അനന്തര ചടങ്ങുകൾ ഓഗസ്റ്റ് 23 ബുധനാഴ്ച ആശ്രമത്തിൽ വച്ച് നടക്കും. ഉച്ചയ്ക്ക് പന്ത്രണ്ടു മണിക്ക് ഗുരുപൂജ, അന്നദാനം, വൈകുന്നേരം അഞ്ചു മണിക്ക് പുഷ്പസമർപ്പണം എന്നിവയാണ് ചടങ്ങുകൾ.

## പരിസര ശുചീകരണം ഇന്ന്

**സ്പിരിച്വൽ സോൺ:** നവപൂജിതത്തോട് അനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം നടത്തുന്ന പരിസര ശുചീകരണം ഇന്ന് നടക്കും. ഉച്ചയ്ക്ക് മൂന്നു മണിമുതൽ പോത്തൻകോട് മുതൽ കോലിയക്കോട് വരെ സംസ്ഥാന പാതയുടെ ഇരുവശങ്ങളും ഗൃഹസ്ഥാശ്രമസംഘത്തിന്റെ പന്ത്രണ്ട് യൂണിറ്റുകളിലെയും പ്രവർത്തകർ ശുചീകരണം നടത്തും.

## ചുമതലയേറ്റു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ മെഡിക്കൽ സൂപ്രണ്ട് (ആയുർവേദ) ആയി ഡോ. ബി. രാജ് കുമാർ ചുമതലയേറ്റു.









## പിറന്നാൾ ആശംസകൾ



**പി.എസ് രാജലക്ഷ്മി**
**പിറന്നാൾ 20–8–2017**

*എല്ലാ നന്മയ്ക്കും*
*ഗുരുപാദങ്ങളിൽ*
*പ്രാർത്ഥിച്ചുകൊണ്ട്...*

ഡോ. റ്റി.എസ്. സോമനാഥൻ, ഡോ. അമൃത എസ്., മഹേഷ് എസ്., ജയകൃഷ്ണൻ എ.ആർ, ഡോ. രാജി രാജ്., ഗുരുവേദ, ഗുരുദത്ത്, ഗുരുദാസ്.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala